# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആരക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി8)255/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി8)255/2023 തീയ്യതി: 12/04/2023

## എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റഷീദ് സി എം , അസി.ഓഡിറ്റ് ഓഫീസർ
അനീഷ് ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി . ഓമന മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയന്തകുമാർ എ പി | സെക്രട്ടറി | 01-04-2021 | 20-12-2021 |
| ശ്രീമതി അമിത സി ഒ | സെക്രട്ടറി | 21-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സന്തോഷ്.സി.ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| അഫ്സൽ രാജ്..എം.ആർ | അസി. സെക്രട്ടറി | 01-04-2021 | 25-11-2021 |
| സുജാത എം വി | അസി. സെക്രട്ടറി | 26-11-2021 | 31-01-2022 |
| ദീപ്തി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സൂസമ്മ.സി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ആൻസി മറിയം പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ജോർജ് കെ.എ. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.പണ്ടപ്പിള്ളി | 01-04-2021 | 31-03-2022 |
| രേഷ്മ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഇന്ദുമോൾ ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| വിനോദ് കുമാർ.പി.എം | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മത്തായിക്കുഞ്ഞ് ടി ഒ | അസി. സെക്രട്ടറി | 01-02-2022 | 31-03-2022 |
| ടി.എം.ഷക്കീല | ഹെഡ് മിസ്ട്രസ് ഗവ.എൽ.പി സ്കൂൾ, പണ്ടപ്പിള്ളി | 01-04-2021 | 31-03-2022 |
| ഗീതാഞ്ജലി .ആർ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഷിബു സി. തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2021 | 17-11-2021 |
| രജിത പിള്ള | വെറ്ററിനറി സർജൻ | 18-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | വസ്തു നികുതി-അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി - അപാകതകൾ | 1-13 |
| 14 | പെർമിറ്റില്ലാതെ നിർമ്മിച്ച ഓഡിറ്റോറിയം - തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-14 |
| 15 | കൺവെൻഷൻ സെന്റർ കെട്ടിട നിർമ്മാണം - ക്രമവൽക്കരിച്ചിട്ടില്ല | 1-15 |
| 16 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-16 |
| 17 | എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ | 1-17 |
| 18 | വാടക- അപാകതകൾ | 1-18 |
| 19 | ഇ–ടെൻഡർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വെച്ചില്ല | 1-19 |
| 20 | സേവനങ്ങൾക്ക് അധിക ഫീസ് - പഞ്ചായത്ത് കമ്മറ്റി പരിഗണിച്ച് യുക്തമായ തീരുമാനം എടുക്കണം | 1-20 |
| 21 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - നടപടികൾ സ്വീകരിക്കണം | 1-21 |
| 22 | ബിൽഡിംഗ് സെസ്സ് - വിവരം കൈമാറൽ - നടപടികൾ സ്വീകരിക്കണം | 1-22 |
| 23 | ഗ്രോബാഗ് തൈ നൽകൽ - പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകത - 62500/- രൂപ നഷ്ടം | 1-23 |
| 24 | കൃഷി ഭവൻ - ഓഫീസ് ചെലവ് അനുവദിക്കൽ - 5000/- രൂപ നിരാകരിക്കുന്നു. | 1-24 |
| 25 | എല്ലുപൊടി ഫാക്ടറി -കൊറ്റൻമല റോഡ് നവീകരണം - അപാകതകൾ | 1-25 |
| 26 | ഭൂരഹിത ഭവനരഹിത ധനസഹായം റീഫണ്ട് - അപാകത | 1-26 |

| | | |
|---|---|---|
| 27 | ആർജിതാവധി പണമാക്കി മാറ്റൽ - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല - 210587/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | ക്യാൻസർ നിയന്ത്രണ പരിപാടി - പരിശോധനാ സംവിധാനം ആരംഭിച്ചില്ല | 1-28 |
| 29 | ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-29 |
| 30 | ഏർലി ഇന്റർവെൻഷൻ സെന്റർ – വിഹിതം അടവാക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-30 |
| 31 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-31 |
| 32 | അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കൽ - ബാക്കി തുക തിരിച്ചടച്ചില്ല | 1-32 |
| 33 | എസ് സി പഠനവീട്ടിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 1-33 |
| 34 | കോവിഡ് – സ്റ്റോക്ക് , സ്റ്റോർ- തുടർ നടപടി സ്വീകരിക്കണം | 1-34 |
| 35 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമല്ല – 212488/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 36 | ആശ്രയ പദ്ധതി വിഹിതം നിഷ്ക്രിയം - നടപടി സ്വീകരിക്കണം | 1-36 |
| 37 | സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ തുടരുന്നു | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗ്രോബാഗ് തൈ നൽകൽ - പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകത - 62500 രൂപ - നഷ്ടം | 3-1 |
| 2 | കൃഷി ഭവൻ - ഓഫീസ് ചെലവ് അനുവദിക്കൽ - 5000/- രൂപ നിരാകരിക്കുന്നു. | 3-2 |
| 3 | ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 27.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.02.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 4301229.00 | 10972132.00 | (-)6670903.00 |
| വരവ് | 140996134.00 | 44269742.00 | 96726392.00 |
| ആകെ | 145297363.00 | 55241874.00 | 90055489.00 |
| ചെലവ് | 140149600.00 | 42569795.00 | 9757905.00 |
| നീക്കിയിരിപ്പ് | 5147763.00 | 12672079.00 | (-)7524316.00 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 9.67 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 0.97 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.05.2022 |

ധനകാര്യ പത്രിക – പരിശോധന – വിശദ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ട ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

2)പഞ്ചായത്തിന്റെ ആസ്തികൾ ഉൾപ്പെടുത്തിയും സചിത്ര സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3) ധനകാര്യ പത്രിക B7 ഷെഡ്യൂൾ 340200107 പ്രകാരം 40500/- രൂപ ലയബിലിറ്റിയുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144 വകുപ്പ് പ്രകാരം ആയത് തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യേണ്ടതാണ്.

4) കേന്ദ്രധനകാര്യകമ്മീഷൻ -ടൈഡ് ഗ്രാന്റിന്റെ ACR പ്രകാരവും ഇൻകം& എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള ചെലവിലും 154/- രൂപയുടെ വ്യത്യാസമുണ്ട്.

5) കേന്ദ്രധനകാര്യകമ്മീഷൻ -അൺടൈഡ് ഗ്രാന്റിന്റെ ACR, റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവുകൾ തമ്മിൽ 4932/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10972132.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 44269742.00 |
| ആകെ | 55241874.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 42569795.00 |
| നീക്കിയിരിപ്പ് | 12672079.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68826 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 593023 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (എസിആർ പ്രകാരം) | ആകെ | ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | നീക്കിയിരുപ്പ്/ | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9471041 | 9471041 | 9024206 | 0 | 446835 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1843392 | 1843392 | 1435603 | | 407789 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 5326000 | 5326000 | 2909129 | | 2416871 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4910496 | 4910496 | 3822944 | 0 | 1087552 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 2173056 | 2173056 | 2060713 | 37899 | 74444 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 3101000 | 3101000 | 747620 | 2353380 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | 0 | | | | | |
| ഐസിഡിഎസ് | 206691 | 528395 | 735086 | 600000 | 135086 | |
| സ്വച്ച് ഭാരത് മിഷൻ | 48363 | 0 | 48363 | 0 | 48363 | |
| ഡബ്ല്യുജിഡിപി | 99520 | 4020 | 103540 | 0 | 103540 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ ഫണ്ട് | 2079603 | 0 | 2079603 | 1066986 | 1012617 | |
| കേരളോത്സവം, വിമുക്തി കില | 1975936 | 1344406 | 3320342 | 735509 | 2584833 | |

നോട്ട്.

| ഫണ്ടിനം | റസീപ്റ്റ്&പേയ്മെന്റ് പ്രകാരമുള്ള ചെലവ് | ജി.ഒ പ്രൊജക്ട് സോഴ്സ് ഡിഡക്ഷൻ | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | I -6 പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 9024206 | 1415301 | | 10439507 |
| വികസനഫണ്ട്- എസ്.സി.പി | 1435603 | 122699 | | 1558302 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 2060713 | | 1770384 | 290329 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് - അൺടൈഡ് വരവിൽ 31612/- രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത്- എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 113 | 60360675 | 97 | 27966087 | 96 | 1 | 16 | 84.95% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3182 | 584126 | 587308 | 580795 | 6513 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,82,88,971 | 1,82,88,971 | 1,82,88,971 | |
| ആകെ | 3182 | 18873097 | 18876279 | 18869766 | 6513 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4080 | 2 |
| കർഷകത്തൊഴിലാളി പെൻഷൻ | 2276600 | 139 |
| വാർദ്ധക്യകാലപെൻഷൻ | 20012100 | 1355 |
| വിധവാപെൻഷൻ | 6809000 | 456 |
| വികലാംഗപെൻഷൻ | 2211600 | 149 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 506800 | 32 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2023 തീയതിയിൽ ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13698/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. കെട്ടിടങ്ങളുടെ ക്രമവൽക്കരണ രജിസ്റ്ററിൽ റഗുലറൈസേഷൻ വിവരങ്ങൾ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

4. ലേല ഡയറി, വാടക രജിസ്റ്റർ എന്നിവ ശരിയാംവിധം പരിപാലിക്കേണ്ടതാണ്.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ

മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

7. ലൈസൻസ് ഫീസ് അഡ്വാൻസ് ലഭിച്ചതിന്റെ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബുക്ക് അഡ്ജെസ്റ്റ്മെന്റ് വിശദാംശങ്ങൾ ലഭ്യമല്ല. ആയതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2020 | 01.02.2020മുതൽ 30.09.2020 വരെ | 22.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014 മുതൽ 04.02.2014 വരെ | 2008-09മുതൽ 2012-13 വരെ | 19.03.2014 |

## 1-11 ഗ്രാമസഭ

2022 വർഷത്തിൽ പഞ്ചായത്തിലെ 13 വാർഡുകളിലും ഒരു തവണ മാത്രമാണ് ഗ്രാമസഭകൾ കൂടിയിട്ടുള്ളത്. ഗ്രാമസഭ ക്വാറം തികഞ്ഞാണ് കൂടിയിട്ടുള്ളത്. 2022-23 പദ്ധതി രൂപീകരണത്തിന്റെ ഭാഗമായിട്ടാണ് ഗ്രാമസഭ കൂടിയിട്ടുള്ളത്. മിനിറ്റ്സ് ബുക്കുകൾ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി ഭംഗിയായി സൂക്ഷിച്ചിട്ടുണ്ട്. നിയമാനുസൃതമായ ഇടവേളകളിൽ ഗ്രാമസഭകൾ ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി-അപാകതകൾ

1) ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീ ഹോമിസ് ജേക്കബ് എന്ന വ്യക്തിയുടെ 13/5A(9.15 ച.മീ), 13/5B (209.43 ച.മീ), 13/5C(149.9ച.മീ) എന്നീ നമ്പറുകൾ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ഷോപ്പ് എന്ന ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 50 രൂപനിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടാക്കിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ചതിൽ മേൽ കെട്ടിടങ്ങൾക്ക് മൂവാറ്റുപുഴ -ആരക്കുഴ റോഡ്(5 മീറ്ററിൽ കൂടുതൽ) ഉൾപ്പെടുത്തി റോഡടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന് മേഖലാടിസ്ഥാനത്തിലുള്ള 10% ഇളവ് നൽകി ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203(10) -വസ്തുനികുതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയ ശേഷം അപ്രകാരമുള്ള വിവരങ്ങളും കെട്ടിടത്തിന്റെ തറവിസ്തീർണ്ണവും അടിസ്ഥാനവസ്തുനികുതിയിൽ അനുവദിക്കപ്പെടാവുന്ന ഇളവുകളും വരുത്താവുന്ന വർദ്ധനകളും അനുസരിച്ച് കെട്ടിടഉടമകൾക്ക് അവരവരുടെ കെട്ടിടത്തിന്റെ

വാർഷിക വസ്തു നികുതി സ്വയം നിർണ്ണയിക്കുവാൻ സഹായകമായ പൊതു വിവരങ്ങൾ സെക്രട്ടറി ഒരു പൊതു നോട്ടീസ് മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിക്കുമ്പോൾ മേഖലാടിസ്ഥാനത്തിലുള്ള ഇളവ് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളെ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ തിരിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മേൽകൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള വിവിധ കെട്ടിടങ്ങൾക്ക് മേഖലാടിസ്ഥാനത്തിലുള്ള ഇളവ് /വർദ്ധനവ് കൊടുത്തിരിക്കുന്നത് ശരിയാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. വിവിധ മേഖലകളെ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ തിരിച്ച് ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചീടാക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല.

2) നേരിട്ടുള്ള പരിശോധനയിൽ ജേക്കബ്സ് കൺവെൻഷൻ സെന്റർ & ഹെൽത്ത് ക്ലബ് , സെന്റ് ജോസഫ്സ് കൺവെൻഷൻ സെന്റർ ,പെരിങ്ങഴ എന്നിവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി അറിയുവാൻ സാധിച്ചു. എന്നാൽ ഇവയിൽ നിന്നും ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചീടാക്കുന്നില്ല. വസ്തുനികുതി നിർണ്ണയിക്കാതെ മറ്റ് ഓഡിറ്റോറിയങ്ങൾ , കൺവെൻഷൻ സെന്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനും ക്രമ നം.1ലെ അപാകതകൾക്ക് മറുപടി നൽകുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/27.2.2023) ലഭ്യമായിട്ടുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളെ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നിങ്ങനെ തിരിച്ച് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖാമൂലം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയിക്കാതെ മറ്റ് ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ, കൺവെൻഷൻ സെന്റർ മുതലായവയിൽ നിന്നും വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതും ക്രമ നം.1 ലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| ആനിക്കാട് സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് | 2021-22 രണ്ട് അർദ്ധവർഷവും |

2) ജീവനക്കാരുടെ തൊഴിൽ നികുതി (2021-22 രണ്ട് അർദ്ധവർഷവും)

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | നെല്ലൂർ ഹോം അപ്ലൈൻസസ് | 54/2021-22 | 6 |
| 2 | യുണൈറ്റഡ് മെറ്റൽസ് | 52/2021-22 | 20 |
| 3 | എബി മാത്യു അസോസിയേറ്റ്സ് | 59/2021-22 | 4 |
| 4 | പൈക്കരക്കുടിയിൽ ട്രൈഡേഴ്സ്&ഇൻഡസ്ട്രീസ് | 60/2021-22 | 4 |
| 5 | സേഫ് മേറ്റ് അഗ്രികൾച്ചറൽ ഗ്ലൗസ് | 64/2021-22 | 7 |

| | | | |
|---|---|---|---|
| 6 | എ.ജെ ഗ്രാനൈറ്റ്സ് | 71/2021-22 | 4 |
| 7 | ഹോട്ട് മിക്സ് പ്ലാന്റ് | 65/2021-22 | 4 |
| 8 | ജീസസ് ഫ്യൂവൽസ് | 74/2021-22 | 4 |
| 9 | പച്ചക്കാന്തീരി ഹോട്ടൽ | 100/2021-22 | 5 |
| 10 | സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന/ടെസ്സി ജോസ് | 182/2021-22 | 16 |
| 11 | വെള്ളിൻച്ചാലിൽ ഫുഡ് ഇൻഡസ്ട്രീസ് | 191/2021-22 | 4 |
| 12 | പണ്ടപ്പിള്ളിൽ ടിംബേഴ്സ് | 201/2021-22 | 4 |
| 13 | സെന്റ് മേരീസ് ഹോളോബ്രിക്സ് | 202/2021-22 | 4 |
| 14 | കോറൽ ഫുഡ് &ഫ്ലേവേഴ്സ് | 115/2021-22 | 5 |
| 15 | പി&ജെ ഇൻഡസ്ട്രീസ് | 125/2021-22 | 5 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/22.2.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 പെർമിറ്റില്ലാതെ നിർമ്മിച്ച ഓഡിറ്റോറിയം - തുടർനടപടികൾ അറിയിക്കേണ്ടതാണ്

2019ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ- അദ്ധ്യായം 20 ചട്ടം 92 - പെർമിറ്റില്ലാത്ത നിർമ്മാണങ്ങളുടേയും വ്യതിയാനങ്ങളുടേയും ക്രമവൽക്കരണം പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ പ്ലാനിൽ നിന്ന് വ്യതിചലിച്ചോ ആരംഭിക്കുകയോ നടത്തിക്കൊണ്ടു പോകുകയോ അല്ലെങ്കിൽ പൂർത്തീകരിക്കുകയോ ചെയ്താൽ അത് ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ് .പെർമിറ്റ് നേടാതെ ആരംഭിച്ച ജോലികൾ നിലവിൽ നിർമ്മിച്ച അത്തരം ഭാഗത്തിന് ഈ ചട്ടങ്ങൾ പ്രകാരമുള്ള ക്രമവൽക്കരണത്തിനുള്ള കോംപൗണ്ടിങ് ഫീസിന് തുല്യമായ തുകയും നിർമ്മിക്കാൻ അവശേഷിക്കുന്ന ഭാഗത്തിന് പെർമിറ്റ് ഫീസും ഈടാക്കിക്കൊണ്ട് പ്രവൃത്തി തുടരുന്നതിന് അനുമതി നൽകാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക മേൽകെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നത് വരെയോ പൊളിച്ചു കളയുന്നത് വരെയോ വസ്തുനികുതി ആയി നിശ്ചയിച്ച് ഈടാക്കേണ്ടതുമാണ്. ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ചട്ടം 96 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വിവരാവകാശ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ ബിജു തോട്ടുപുരം എന്ന വ്യക്തിയുടെ ഫയൽ നമ്പർ HC /104/22 തീയതി 12.1.2022 പ്രകാരം ലഭിച്ച അപേക്ഷക്കുള്ള മറുപടിയിൽ പെരിങ്ങഴ പള്ളിക്ക് സമീപം പ്രവർത്തിക്കുന്ന സെന്റ്ജോസഫ്സ് ഓഡിറ്റോറിയം പെർമിറ്റില്ലാതെയാണ് നിർമ്മിച്ചതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.24/23.2.2023) മറുപടി ലഭ്യമായിട്ടുണ്ട്. മറുപടിയിൽ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ച് ചട്ട പ്രകാരമുള്ള ക്രമവൽക്കരണ ഫീസ് ഈടാക്കി സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ ഫോം -6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

1-15 കൺവെൻഷൻ സെന്റർ കെട്ടിട നിർമ്മാണം - ക്രമവൽക്കരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വാർഡ് 9 ലെ ശ്രീ ദീപു ജേക്കബ് & അനുദീപു എന്നിവരുടെ ഉടമസ്ഥതയിലുള്ളതും സർവെ നമ്പർ 34/1,34/4A,/34/2 പ്പെട്ടതുമായ 283.92 ആർ സ്ഥലത്ത് 1457 ച.മീ വിസ്തൃതിയുള്ള കൺവെൻഷൻ സെന്റർ പണിയുന്നതിന് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടുണ്ട്.പെർമിറ്റ് നം.A2- BA (250327)/2018,

റെഫറൻസ് ആപ്ലിക്കേഷൻ നം.A2/3326/2018തീയതി 8.8.2018. ജേക്കബ്സ് കൺവെൻഷൻ സെന്റർ &ഹെൽത്ത് ക്ലബ് കംപ്ലീഷൻ&റെഗുലറൈസേഷൻ പ്ലാനിൽ 2839.80 ച.മീ വിസ്തീർണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കൺവെൻഷൻ സെന്റർ 31.12.2020 തീയതിയിൽ നിർമ്മാണം പൂർത്തീകരിച്ചതായി ഉടമസ്ഥൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പെർമിറ്റനുവദിച്ചതിനേക്കാൾ അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണം ക്രമവൽക്കരിച്ച് വസ്തു നികുതി നിർണ്ണയിക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെയും നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ കെട്ടിടവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരമോ മറ്റോ നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന്റെ തുടർനടപടി വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനായി എൻക്വയറി നൽകിയതനുസരിച്ച് (നം.27/25.2.2023) കേസ് ഫയൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 24.8.2022 ലെ എ2-803/2021 നമ്പർ കത്ത് പ്രകാരം 31.12.2020 മുതൽ നാളിതുവരെയായി 771547/-രൂപ കുടിശ്ശികയുണ്ട്. ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് WP(C)23745 Of 2022(P) നമ്പർ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. കേസിന്റെ 2.8.2022 ലെ ഇടക്കാല വിധിയിൽ ടി കെട്ടിടത്തിന് പ്രോവിഷനൽ നമ്പർ നൽകുവാനായി ഉത്തരവായിട്ടുണ്ട്.

എന്നാൽ പ്രോവിഷനൽ നമ്പർ നൽകുവാൻ ചട്ടം അനുശാസിക്കുന്നില്ല. ആയതിനാൽ ചട്ട പ്രകാരം യു.എ നമ്പർ നൽകി ടി കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ടി കെട്ടിടവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാൽ വിധിക്കനുസൃതമായി കുടിശിക തുകയായ 771547/- രൂപ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന 466.78 ച.മീ വിസ്തീർണ്ണമുള്ള ഓഫീസ് ബിൽഡിംഗ് ഉൾപ്പെടെയുള്ള നിലവിലുള്ള കെട്ടിടത്തിന് പെർമിറ്റ് നൽകി വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-16 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ തുടർനടപടികൾ അറിയിക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) ,പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി കെട്ടിടം പൊളിച്ചു മാറ്റുന്നതു വരെ ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ യു. എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളായി മുൻവർഷങ്ങളിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിട നം./വിസ്തീർണ്ണം/ ഉപയോഗക്രമം |
|---|---|---|
| 1 | മായ ഷൺമുഖം / കയ്പ്പൻതടത്തിൽ | UA/10/1/12-13/ 49.61 ച.മീ/ വാസഗൃഹം |
| 2 | സുകുമാരൻ / മറ്റത്തിൽ | UA/13/1/12-13/ 91.21 ച.മീ/ വാസഗൃഹം |
| 3 | സാബു എണ്ണുങ്കൽ | UA/6/1/13-14/ 16.07 ച.മീ/ വാസഗൃഹം |

| | | |
|---|---|---|
| 4 | ബാബു പി.ഡി<br>പള്ളിക്കുന്നേൽ<br>കുമ്പാലമറ്റം | UA/2/2/UA /<br>64.9 ച.മീ/<br>വാസഗൃഹം |
| 5 | സലൂഷ്<br>പരുവാനിക്കൽ | 2/3/UA/<br>64.98 ച.മീ/<br>വാസഗൃഹം |
| 6 | സോണി സബാസ്റ്റ്യൻ<br>ഈട്ടിക്കാനത്തിൽ | 2/4/UA/<br>64.9 ച.മീ/<br>വാസഗൃഹം |
| 7 | രാമലക്ഷ്മി<br>കുറുപ്പ് സ്വാമി കോയിൽ | 11/1/UA/<br>40 ചമീ/<br>വാസഗൃഹം |
| 8 | സോജിൻ<br>പടിഞ്ഞാറെ തടത്തിൽ | UA/4/241A/<br>15.38 ച.മീ/<br>വാണിജ്യാവശ്യം |
| 9 | തങ്കപ്പൻ വി.റ്റി<br>വാളിയം പ്ലാക്കൽ | UA/5/89A/<br>39 ച.മീ/<br>വാസഗൃഹം |
| 10 | പ്രഭാകരൻ പി.കെ<br>പൂവത്തിങ്കൽ | UA/5/90A/<br>45 ച.മീ/<br>വാസഗൃഹം |
| 11 | സാജു ജോൺ<br>കുന്നത്ത് | UA/9/313B/<br>23.22 ച.മീ<br>വാണിജ്യാവശ്യം |

മേൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/25.2.2023) മറുപടി ലഭ്യമായിട്ടുണ്ട്. മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ അനധികൃതകെട്ടിടങ്ങളുമായി ബന്ധപ്പെട്ട യു.എ.രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ മുൻവർഷങ്ങളിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫയലുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ പരിശോധിച്ച് ഓഫീസിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയത് സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽകെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി ഫോറം 6 സഹിതം രേഖകളും സ്വീകരിച്ച നടപടികളുടെ വിവരവും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 എഫ്.ടി.ഇ.ഒ. ലൈസൻസ് - അപാകതകൾ

31.7.2017 ലെ GO(P) NO. 80/2017/LSGD ഉത്തരവു പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും പകരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ നിലവിൽ വന്നിട്ടുള്ളതുമാണ്. പുതുക്കിയ ചട്ടമനുസരിച്ച് 1996 ലെ ചട്ടം 10, പട്ടിക II പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്തിയിരുന്നതിന് പകരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾ എന്നായി മാറ്റി അവയ്ക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ച് ഫീസീടാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏകദേശം ഒരേ മൂലധനനിക്ഷേപം കാണിച്ചിരിക്കുന്ന ഒരേ മേഖലയിൽപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും വളരെ വ്യത്യാസമുള്ള നിരക്കിൽ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നു.(ക്രമ നം4,5) . മൂലധന നിക്ഷേപം കുറവ് കാണിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിന്നും അതേ മേഖലയിൽപ്പെടുന്ന കൂടുതൽ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തേക്കാൾ കൂടുതൽ ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നു(ക്രമ നം.7,8) . ചില

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് /മൂലധന നിക്ഷേപം | സ്ഥാപനം നടത്തുന്നതിന്റെ ഉദ്ദേശ്യം | ഈടാക്കിയ ഫീസ് |
|---|---|---|---|
| 1 | പി.കെ രാജൻ/1.75 ലക്ഷം | റൈസ് മിൽ | 300/- |
| 2 | ലിസ്സി ജോസഫ്/3.75 ലക്ഷം | മെഴുകുതിരി നിർമ്മാണം | 300/- |
| 3 | ലിജുമോൻ ജോസഫ്/38.12 ലക്ഷം | വെജ് ഓയിൽ നിർമ്മാണം | 1000/- |
| 4 | ജിജോജോർജ് /1 ലക്ഷം | ഫ്ലോർ &ഓയിൽ മിൽ | 1000/- |
| 5 | എം.ഡി സൂപ്പർ ലയൺ ബിവറേജസ്/39ലക്ഷം | കുപ്പി വെള്ളം സോഡാ നിർമ്മാണം | 5000/- |
| 6 | സിജോ വി.കെ /40 ലക്ഷം | റബ്ബർഗ്ലൗസ് നിർമ്മാണം | 1000/- |
| 7 | അമൽ സ്കറിയ /9.8 ലക്ഷം | മാറികോൺ പവേഴ്സ് /നിർമ്മാണം | 1000/- |
| 8 | ജീസസ് ഫ്യൂവൽസ് /52 ലക്ഷം | പെട്രോൾ പമ്പ് /സേവന മേഖല | 1000/- |
| 9 | എബി മാത്യു/ 14.71 ലക്ഷം | നൈട്രേറ്റ് മിക്ചർ സംഭരിച്ച് വിൽപ്പന/സേവന മേഖല | 5000/- |
| 10 | തോമസ് .സി.വി /4.89 ലക്ഷം | തടി അറക്കുന്നത് | 1000/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/22.2.2023) മറുപടി ലഭ്യമായിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടപ്രകാരമുള്ള ഏകീകൃത സ്ലാബ് സംവിധാനം പഞ്ചായത്തിൽ നിലവിലുള്ളതായി ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാണുന്നില്ല. ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമായിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്ത് ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-18 വാടക- അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) വാടക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും കെട്ടിട വാടക ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം | കെട്ടിട നം. | പ്രതിമാസ വാടക | ഈടാക്കാത്ത കാലയളവ് |
|---|---|---|---|
| 1 | ബോസ് .ടി.ബി തോൽക്കടിയിൽ /7/179 | 1000/- | 4/2022-8/2022 |
| 2 | ബിജു പി. സി പാലക്കത്തടത്തിൽ/7/180 | 1000/- | 4/2022-7/2022 |
| 3 | ബിജു പി.സി പാലക്കത്തടത്തിൽ/7/181 | 1000/- | 4/2022-7/2022 |
| 4 | പി.ടി വർഗ്ഗീസ് പാലക്കത്തടത്തിൽ 7/182 | 1000/- | 4/2022-7/2022 |
| 5 | പി.ടി വർഗ്ഗീസ് പാലക്കത്തടത്തിൽ 7/183 | 1000/- | 4/2022-7/2022 |

മേൽ കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾ വാടകയിളവ് അനുവദിക്കാത്ത കെട്ടിടങ്ങളാണെങ്കിൽ ആയവയിൽ നിന്നും വാടക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കെട്ടിടനം.4/30-സെക്രട്ടറി ആരക്കുഴ ക്ഷീരോൽപ്പാദക സഹകരണ സംഘം(പ്രതിമാസ വാടക-1200/-), കെട്ടിട നം.4/30 A ബിനിൽ സിറിയക്, തെങ്ങണ (പ്രതിമാസ വാടക-1110/-) എന്നീ കെട്ടിടങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയിട്ടില്ല. ടി കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3) ക്രമ നം.1 (1,2,3,4,5) ലെ കെട്ടിടങ്ങളുടെ വാടകക്കരാറിൽ കെട്ടിട നം, പ്രതിമാസ വാടക എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4) വാടക രജിസ്റ്ററിൽ കെട്ടിട നമ്പർ രേഖപ്പെടുത്തുന്നില്ല.

5) വാടക രജിസ്റ്റർ പ്രകാരവും 2021-22 വാർഷികധനകാര്യപത്രിക B-15 ഷെഡ്യൂൾ പ്രകാരവും വാടകകുടിശ്ശികയിനത്തിൽ 4400/- രൂപ ലഭിക്കുവാനുണ്ട്. ആയത് ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണെന്ന വിവരം ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/24.2.2023) ലഭ്യമായിട്ടുള്ള മറുപടിയിൽ അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് .

## 1-19 ഇ-ടെൻഡർ ഫീസ്- ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവ് വെച്ചില്ല

ഗ്രാമ പഞ്ചായത്ത് 2021-22 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർഫീസ് 94,318/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്ന ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനുള്ള കഴിഞ്ഞ വർഷങ്ങളിലെ ഇ-ടെൻഡർ ഫീസ് തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആ തുകകൾ കൂടി കണക്കാക്കി അവയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 സേവനങ്ങൾക്ക് അധിക ഫീസ് - പഞ്ചായത്ത് കമ്മറ്റി പരിഗണിച്ച് യുക്തമായ തീരുമാനം എടുക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5 % നിരക്കിൽ അധിക ഫീസ് വാങ്ങാം. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നതിന് ആയത് പരിശോധിച്ച് പഞ്ചായത്ത് കമ്മറ്റിയാണ് തീരുമാനം എടുക്കേണ്ടത് . ഇപ്രകാരം തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 2/21.02.2023) 27.02.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി നിലവിൽ പ്രസ്തുത വിഷയം പരിഗണിച്ചിട്ടില്ല എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്ത് കമ്മറ്റി സേവന അധിക ഫീസ് ഉത്തരവ് പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-21 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് - നടപടികൾ സ്വീകരിക്കണം

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, പണി പൂർത്തീകരിച്ച് ഒക്കുപ്പൻസി നൽകിയ രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങൾ, 50എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ എന്നിങ്ങനെ പ്രത്യേകം പറഞ്ഞിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിൽ അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാൻ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം (2019 ലെ

കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ- ചട്ടം 21 ) . ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.02.2023 നൽകിയ 3-ാം നം ഓഡിറ്റ് എൻക്വയറിക്ക് 27.02.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടുണ്ട് എന്നും അപാകതകൾ കണ്ടെത്തിയിട്ടില്ല എന്നും അറിയിച്ചു. എന്നാൽ ആയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് നടത്തേണ്ട പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് സമയബന്ധിതമായി നടത്തേണ്ടതും രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

### 1-22 ബിൽഡിംഗ് സെസ്സ് - വിവരം കൈമാറൽ - നടപടികൾ സ്വീകരിക്കണം

തദ്ദേശ സ്വയംഭരണ ( ആർ ഡി ) വകുപ്പിന്റെ 12.11.2019 ലെ നം 8/ആർ ഡി 1/2018/ത സ്വ ഭ വ നം പരിപത്രം പ്രകാരം 1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം, 1998 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം ബിൽഡിംഗ് സെസ്സ് ബാധകമാകുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയതിന്റെ പകർപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ബന്ധപ്പെട്ട ലേബർ ഓഫീസർമാർക്ക് നൽകണം. 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ആകെ ചെലവിന്റെ 1 % സെസ്എന്ന പരിധിയിൽ വരുന്നതാണ്. സെസ്സ് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഇപ്രകാരം ലേബർ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 4/21.02.2023) ക്ക് 28.02.2023 ൽ നൽകിയ മറുപടിയിൽ നിലവിൽ കൈമാറിയിട്ടില്ലായെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

### 1-23 ഗ്രോബാഗ് തൈ നൽകൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത - 62500/- രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഗ്രോബാഗ് നിറച്ച് പച്ചക്കറി തൈ നൽകൽ പ്രൊജക്ടിൽ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച് തുക നൽകുകയും സബ്സിഡി തുക അധികരിച്ച് നൽകുകയും ചെയ്തു. പ്രൊജക്ട് നം S060/22 പ്രകാരമുള്ള സുഭിക്ഷ കേരളം പച്ചക്കറി കൃഷി – വനിത എന്ന പ്രൊജക്ടിലാണ് ഇപ്രകാരം അപാകത സംഭവിച്ചത്. ഇക്കാരണങ്ങളാൽ 62500/- രൂപ വികസന ഫണ്ടിൽ നിന്ന് അധികം നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-24 കൃഷി ഭവൻ - ഓഫീസ് ചെലവ് അനുവദിക്കൽ - 5000/- രൂപ നിരാകരിക്കുന്നു.

കൃഷി ഭവന് പ്രൊജക്ട് മുഖാന്തിരം ഓഫീസ് ചെലവ് അനുവദിച്ചതിൽ അപാകം ഉള്ളതായി കാണുന്നു. കണ്ടിജന്റ് ഓഫീസ് ചെലവുകൾ അനുവദിക്കുന്നതിന് ആധാരമായ കേരള ഫിനാൻഷ്യൽ കോഡിലെ ചാപ്റ്റർ V . ആർട്ടിക്കിൾ 90 പ്രകാരം ഒരു ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ദൈനം ദിന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകളാണ് കണ്ടിജന്റ് ഓഫീസ് ചെലവുകളിൽ ഉൾപ്പെടുന്നത്. ആയതിൽ ലോഡിംഗ് അൺലോഡിംഗ് ചാർജ് ഉൾപ്പെടുന്നില്ല. . പ്രൊജക്ട് നം S070/22 ലാണ് ഓഫീസ് ചെലവ് അനുവദിച്ചതിൽ അപാകതയുള്ളത്. വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-25 എല്ലുപൊടി ഫാക്ടറി -കൊറ്റൻമല റോഡ് നവീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എല്ലുപൊടി ഫാക്ടറി -കൊറ്റൻമല റോഡ് നവീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ടിന്റെ നം / | 100/21-22 |

| | |
|---|---|
| വർഷം | |
| അടങ്കൽ തുക / ഫണ്ട് | 375160-രൂപ, മെയിന്റനൻസ് ഫണ്ട് - റോഡ് |
| ചെലവ് തുക/ ബിൽ നം തിയതി | 374776/-രൂപ, ബിൽ നം.46/26.8.21 |
| എം ബുക്ക് നം | 91/21-22 |

ആരക്കുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ 2021-22 വർഷം നടപ്പാക്കിയ എല്ലപൊടി ഫാക്ടറി -കൊറ്റൻമല റോഡ് നവീകരണം എന്ന പ്രോജക്റ്റിനായി 375160/-രൂപ അടങ്കൽ നിശ്ചയിച്ച് 374776/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഈ റോഡ് ജലസേചന വകുപ്പിന്റെ ആസ്തിയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾക്കാണ് മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് നിർമ്മാണപ്രവൃത്തി നടപ്പാക്കാവുന്നത്. ജലസേചന വകുപ്പിന്റെ ആസ്തിയിൽ നിർമ്മാണപ്രവൃത്തി നടപ്പാക്കിയതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25 തീ.23.2.2023) മറുപടി ലഭ്യമാക്കിയതിൽ ടി സ്ഥലം പഞ്ചായത്തിന്റെ ആസ്തിയല്ലെന്നും ജനങ്ങളുടെ ആവശ്യപ്രകാരമാണ് പദ്ധതി നടപ്പാക്കിയത് എന്നും തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തികളാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കേണ്ടത്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നവീകരണപ്രവൃത്തികൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.മറ്റ് വകുപ്പുകളുടെ ആസ്തിയിൽ പ്രവൃത്തി ചെയ്യുന്നതിന് ആ വകുപ്പിന്റെ NOC ആവശ്യമാണ്. ആയത് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പഞ്ചായത്തിന്റേതല്ലാത്ത റോഡുകളിൽ നിർമ്മാണം / നവീകരണം നടത്തിയതിന് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ നിന്നും സാധൂകരണം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഭൂരഹിത ഭവനരഹിത ധനസഹായം റീഫണ്ട് - അപാകത

| ക്രമ നം | സാംഖ്യ ബിൽ നം/തി | തുക | ഫണ്ട് |
|---|---|---|---|
| 1 | 5210084/22.11.21 | 1,60,000/- | HUDCO Loan (Life) |
| 2 | 5210085/22.11.21 | 1,00,000/- | Life State Share |

ഭൂരഹിത ഭവനരഹിത ധനസഹായം ഇനത്തിൽ ശ്രീമതി രമണി രവി, പൊട്ടൻ മല, പണ്ടപ്പിള്ളി എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക ടിയാളുടെ കുടുംബാംഗങ്ങൾക്ക് ഭൂമി ഉണ്ട് എന്ന കാരണത്താൽ അനർഹയായതിനാൽ ഗുണഭോക്താവിന് നൽകാതെ തിരികെ സർക്കാരിലേയ്ക്ക് അടവാക്കിയതാണ് മേൽ സൂചിപ്പിച്ചിട്ടുള്ള തുക. എന്നാൽ ടിയാൾക്ക് 2019-20 വർഷം ഭൂമി വാങ്ങുന്നതിന് രണ്ടു ലക്ഷം രൂപയും 2020-21വർഷം ഭവന നിർമ്മാണത്തിന് 1,40,000/- രൂപ ഉൾപ്പെടെ ആകെ 3,40,000/- രൂപയും നല്കിയിട്ടുള്ളതാണ്. ഈ തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല. ഇപ്രകാരമൊരു നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായും ടിയാളുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് കുടുംബാംഗങ്ങൾക്കു ഭൂമി /ഭവനം ഉണ്ടോ എന്നും വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29 തി.25.2.2023) മറുപടി ലഭ്യമാക്കിയതിൽ ഈയൊരു നടപടി സംബന്ധിച്ച് സ്പഷ്ടീകരണം ലഭിക്കുന്നതിനായ് സർക്കാരിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു

## 1-27 ആർജിതാവധി പണമാക്കി മാറ്റൽ - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല - 210587/- രൂപ തടസ്സപ്പെടുത്തുന്നു

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 5 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|
| 1 | ജിമ്മി ജോർജ് | സീനിയർ ക്ലർക്ക് | 44733 | 22100161/7-6-21 |
| 2 | ശ്രീജി | സീനിയർ ക്ലർക്ക് | 43623 | -ടി- |
| 3 | ജയൻ സി ആർ | ഹെഡ് ക്ലർക്ക് | 43623 | -ടി- |
| 4 | സിജി ഇ എം | ക്ലർക്ക് | 45843 | -ടി- |
| 5 | അനു ആർ | സീനി.ക്ലർക്ക് | 32765 | -ടി- |
| | ആകെ | | 210587 | |

ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8/22/02/2022) നൽകിയ മറുപടിയിൽ (നം SC3/2023/23.02.2023) ആർജ്ജിതാവധി സറണ്ടർ ചെയ്യുന്ന കാലയളവിൽ ആയത് വിലക്കി കൊണ്ട് ഉത്തരവോ നിർദ്ദേശമോ നിലവിലില്ലാതിരുന്നതിനാലാണ് ലീവ് സറണ്ടർ ചെയ്തത് എന്നറിയിച്ചു. എന്നാൽ പ്രസ്തുത മറുപടി ഖണ്ഡിക 1 ൽ സൂചിപ്പിച്ച കാരണങ്ങളാൽ അംഗീകരിക്കത്തതല്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവിലെ നിർദ്ദശാനുസരണം മാത്രം ഭാവിയിൽ ലീവ് സറണ്ടർ മുതലായവയിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. 210587/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ക്യാൻസർ നിയന്ത്രണ പരിപാടി - പരിശോധനാ സംവിധാനം ആരംഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | S048/22 |
| പ്രോജക്ട് | ജില്ലാ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി രണ്ടാം ഘട്ടം |
| അടങ്കൽ | 50000/-<br>(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | 44361/- |
| ബിൽ നം./ തിയതി | 16/23.02.2022 |
| നിർവഹണം | മെഡിക്കൽ ഓഫീസർ സിഎച്ച്സി |

എറണാകുളം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പൊതു/സംയുക്ത/സംയോജിത പ്രോജക്ടുകൾ സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ 15.02.2021ലെ 61139/ഡിപിസി/ഡിപിഒ/ഇകെഎം നമ്പർ ഉത്തരവിലെ നിർദേശ പ്രകാരം ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാനും, പാപ്സ്മീയർ, എച്ച്പിവി പരിശോധന സൗകര്യം ഏർപ്പെടുത്താനും നിർദേശിച്ചിരുന്നു. ഐഇസി പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി അവബോധം നടത്താനും, പാപ്സ്മീയർ ടെസ്റ്റ്, എഫ്എൻഎ കാൻഡ് ടെസ്റ്റ് എന്നിവ നടത്തുന്നതിനാവശ്യമായ ലാബ് മെറ്റീരിയലുകൾ, മെഡിക്കൽ വസ്തുക്കൾ എന്നിവ വാങ്ങാനും നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ക്യാൻസർ നിയന്ത്രണ പ്രോജക്ടിൽ കേരള സർജിക്കൽ എക്വിപ്മെന്റ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും 44361/- രൂപയുടെ (ഇൻവോയ്സ് നം. 8478/15.03.2022) ക്യാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജില്ലാ ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരം കാൻസർ സ്ക്രീനിംഗിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും നാളിതുവരെ ക്യാൻസർ പരിശോധനാ സംവിധാനം ആരംഭിച്ചിട്ടില്ല. കൂടാതെ, ആസൂത്രണ സമിതിയുടെ നിർദേശ പ്രകാരമുള്ള കമ്മ്യൂണിറ്റി അവബോധ പ്രവർത്തനങ്ങൾ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടും കാൻസർ പരിശോധനാ സംവിധാനം ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/23.02.2023) ജീവനക്കാർക്ക് ജില്ലാതലത്തിൽ പരിശീലനം ലഭിക്കാത്തതിനാലാണ് പരിശോധനാ ക്യാമ്പുകൾ ആരംഭിക്കാത്തത് എന്നും, 2022-23 സാമ്പത്തിക വർഷത്തിൽ ഒരു നഴ്സിംഗ് ഓഫീസർക്കും, പിഎച്ച്എന്നിനും പരിശീലനം ലഭിച്ചിട്ടുള്ളതിനാൽ 2023 മാർച്ച് മാസത്തിൽ തന്നെ ക്യാൻസർ പരിശോധനാ ക്യാമ്പുകൾ ആരംഭിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ, പരിശീലന സംവിധാനം നടപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S009/22, നിർധനരായ ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സാ സഹായം – വിഹിതം അടവാക്കൽ |
| അടങ്കൽ തുക | 120000/-(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവു തുക | 71000/- |
| ബിൽ നം/തീയതി | 12/22.01.2022 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്,സി, പണ്ടപ്പിള്ളി |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1014(1)/21 ,01.01.2022 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ 799013100000010 -ലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 71000/- രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിന് വിശീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/23.02.203) മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 71000/- രൂപ തടസപ്പെടുത്തുന്നു.

## 1-30 ഏർലി ഇന്റർവെൻഷൻ സെന്റർ – വിഹിതം അടവാക്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S026/22, സ്ട്രെങ്ങ്തെനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റർ – വിഹിതം അടവാക്കൽ |
| അടങ്കൽ തുക | 20000/-(വികസന ഫണ്ട് – പൊതുവിഭാഗം) |
| ചെലവു തുക | 20000/- |
| ബിൽ നം/തീയതി | 10/21.12.2021 |
| നിർവഹണം | മെഡിക്കൽ ഓഫീസർ സി എച്ച് സി |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1043/21 ,26.11.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ

799013100000010 -ലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 20000/- രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം -15/23.2.23) മറുപടി ലഭിച്ചില്ല. ആയതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 20000/- രൂപ തടസപ്പെടുത്തുന്നു.

## 1-31 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

ഹോമിയോ മെഡിക്കൽ ഓഫീസർ 2021-22 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് (HOMCO) തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S040/22<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 150000/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ആകെ ചെലവ് തുക | 150000/- |
| ബിൽ നമ്പർ/<br>തീയതി | 01/27.01.22 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥ 150000/- രൂപ ഹോംകോക്ക് നൽകിയതിൽ 71052/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുള്ളത് .ബാക്കി 78948/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/23.02.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ ഹോംകോയിൽ നിന്നും ബാക്കി മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 78948/- രൂപയുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

## 1-32 അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കൽ - ബാക്കി തുക തിരിച്ചടച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടികളിൽ<br>നെയിംബോർഡ് സ്ഥാപിക്കൽ |
| പ്രോജക്ട് നം. | S0112/22 |
| അടങ്കൽ, ഫണ്ട് | 45000/- ശിശുവികസന പദ്ധതി ഗ്രാന്റ് |
| ചെലവ് | 43500/- |
| വൌച്ചർ നം./തിയതി | 22101064/24.03.22 |
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സ്വന്തം കെട്ടിടങ്ങളിലും, സ്കൂൾ കെട്ടിടങ്ങളിലും, വാടകരഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുന്നതിന് ഒരങ്കണവാടിക്ക് 3000/- രൂപ നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസറിൽ നിന്നും ആകെ 45000/- രൂപ ലഭിച്ചിരുന്നു. ഒരു നെയിംബോർഡിന് 2900/- രൂപ ക്വോട്ട് ചെയ്ത പെർഫെക്ട് അഡ്വെർടൈസേഴ്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി നടപ്പാക്കുന്നതിന് ക്വട്ടേഷൻ നടപടിയിലൂടെ തെരഞ്ഞെടുത്തത്. ആകെ 15 നെയിംബോർഡുകൾ സ്ഥാപിച്ചതിന് 43500/ രൂപ ചെലവായിട്ടുണ്ട്. എന്നാൽ ചെലവ് തുക കഴിച്ച് ബാക്കി 1500/- രൂപ ശിശുവികസന വകുപ്പിൽ തിരിച്ചടച്ചിട്ടില്ല. ബാക്കി തുക തിരിച്ചടക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 17/23.02.2023) മറുപടി ലഭിച്ചില്ല. നെയിംബോർഡ് സ്ഥാപിച്ചതിന്റെ ബാക്കി തുക ശിശുവികസന വകുപ്പിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 എസ് സി പഠനവീട്ടിലേക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S118/22 |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | എസ് സി പഠനവീട്ടിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 107500/-, വികസന ഫണ്ട് എസ് സി പി |
| ചെലവ് | 105251/- |
| ബിൽ നം | 07/24.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിൽ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലുള്ള എസ് സി പഠനവീട്ടിലേക്ക് ആർട്ട്കോയിൽ നിന്നും 729/16.03.2022 നം. ഇൻവോയ്സ് പ്രകാരം ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. ആർട്ട്കോ താഴെ പറയുന്ന ഫർണിച്ചറുകളാണ് സപ്ലൈ ചെയ്തത്.

1) സ്റ്റീൽ ടേബിൾ – 2 എണ്ണം
2) സ്റ്റീൽ കാബിനറ്റ് – 2 എണ്ണം
3) സ്റ്റീൽ റാക്ക് – 5 എണ്ണം
4) പ്ലാസ്റ്റിക് ചെയർ – 26 എണ്ണം
5) വൈറ്റ് ബോർഡ് – 1 എണ്ണം
6) എക്സിക്യൂട്ടീവ് ചെയർ – 1 എണ്ണം

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

A) ഫർണിച്ചറുകൾ പഠനാവശ്യത്തിന് ഉപയോഗിക്കുന്നില്ല

എസ് സി പഠനവീടിന്റെ നടത്തിപ്പ് ചുമതല ആരേയും ഏൽപ്പിച്ചിട്ടില്ലാത്തതിനാൽ 2021-22 സാമ്പത്തിക വർഷത്തിൽ പഠനാവശ്യത്തിന് വേണ്ടി വാങ്ങിയ ഫർണിച്ചറുകൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. മാത്രമല്ല ഓഡിറ്റ് വേളയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വാങ്ങിയ 2 സ്റ്റീൽ കാബിനറ്റിൽ ഒരെണ്ണം ചില്ലുകൾ തകർന്ന് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ആയതിനാൽ എസ് സി വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ എസ് സി പഠനവീടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, ഫർണിച്ചറുകളും, ആസ്തികളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

B) ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു

ആർട്ട്കോ നൽകിയ ബില്ലിൽ ജി എസ് റ്റി നിരക്ക് കണക്കാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. ബിൽ പ്രകാരം പ്ലാസ്റ്റിക് ചെയറിന് ബില്ലിൽ (HSN കോഡ് രേഖപ്പെടുത്തിയിട്ടില്ല) അധിക ജി എസ് റ്റി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. 12 % ജി എസ് റ്റി നിരക്കുള്ള പ്രസ്തുത ഇനത്തിന് 18 % ജി എസ് റ്റിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരം ഖണ്ഡിക 3-3ൽ ചേർത്തിട്ടുണ്ട്.

1-34 കോവിഡ് – സ്റ്റോക്ക് , സ്റ്റോർ- തുടർ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020-21, 2021-22 വർഷങ്ങളിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രധാന പ്രൊജക്റ്റുകൾ താഴെ പറയുന്നവയാണ്.

| ക്രമ നം | പ്രൊജക്റ്റ് നം,പേര് | ചെലവ് |
|---|---|---|
| 1 | 146/21-22,<br>കോവിഡ് പ്രതിരോധ പ്രവർത്തനം - സി എഫ് എൽ റ്റി സി - പണ്ടപ്പിള്ളി സ്കൂളിൽ അധിക സൗകര്യം ഒരുക്കൽ | 704684 |
| 2 | 147/21-22,<br>കോവിഡ് പ്രതിരോധ പ്രവർത്തനം - പണ്ടപ്പിള്ളി സ്കൂൾ സി എഫ് എൽ റ്റി സി ആയി പരിവർത്തനം ചെയ്യൽ | 1141435 |
| 3 | 145/21-22<br>കോവിഡ് പ്രതിരോധ പ്രവർത്തനം - സി എഫ് എൽ റ്റി സി - പണ്ടപ്പിള്ളി സ്കൂളിൽ അധിക സൗകര്യം ഒരുക്കൽ | 488472 |
| 4 | സി എഫ് എൽ റ്റി സി അധിക നിർമ്മാണം തുക നൽകൽ | 875699 |

പ്രൊജക്റ്റിന്റെ ഭാഗമായി നടത്തിയ സിവിൽ വർക്കുകളിൽ ചിലത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് പൊളിച്ച് നീക്കിയിട്ടുണ്ട്.കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ വസ്തുക്കളുടെ

വാങ്ങലുകൾ നടത്തിയിട്ടുണ്ട്. നിലവിൽ സി എഫ് എൽ റ്റി സി പ്രവർത്തനം അവസാനിപ്പിച്ചതിനാൽ ആയതിൻമേൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുക്കളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവ് | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജനറേറ്റർ | 199377 | പഞ്ചായത്തിൽ ഉപയോഗിക്കുന്നു. |
| 2 | എക്സ്ഹോസ്റ്റ് ഫാൻ | 20400 | പണ്ടപ്പിള്ളി സ്കൂളിൽ ഉപയോഗിക്കുന്നു |
| 3 | ബഡ് സൈഡ് കാബിനറ്റ് | 112500 | സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു |
| 4 | സബ്മേഴ്സിബിൾ പമ്പ് | 22856 | സ്കൂളിൽ ഉപയോഗിക്കുന്നു |
| 5 | ഇൻസിനറേറ്റർ | 171170 | സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നു |
| 6 | മെഡിക്കൽ ഉപകരണങ്ങൾ | 445348 | ഉപകരണങ്ങളിൽ ചിലത് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു |

ഓഡിറ്റ് നിർദ്ദശം

ഉപകരണങ്ങളുടേയും വസ്തുക്കളുടേയും ശരിയായ സൂക്ഷിപ്പിനും ലേലം ചെയ്യേണ്ട വസ്തുക്കളുണ്ടെങ്കിൽ ലേലം ചെയ്ത് നൽകുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമല്ല – 212488/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ട് പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/22.02.2023) 28.02.2023 ന് മറുപടി ലഭ്യമാക്കി. ആയതിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ജില്ലാ പഞ്ചായത്തിൽ നിന്ന് വെബ്പോർട്ടൽ പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രത്തിന് പകരം തുക ലഭിച്ചതിന്റെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി.

പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം | S006/22 |
| പ്രൊജക്ടിന്റെ പേര് | ആരക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ലൈൻ ഷിഫ്റ്റിംഗും |
| അടങ്കൽ | 200000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 199988/- |
| ബിൽ നം | 168/23.02.2022 |
| സ്ഥാപനം | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് |

2.

| | |
|---|---|
| പ്രൊജക്ട് നം | S028/22 |
| പ്രൊജക്ടിന്റെ പേര് | കുട്ടികൾക്കുള്ള വെബ് പോർട്ടൽ |
| അടങ്കൽ | 12500/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് | 12500/- |
| ബിൽ നം | 184/04.03.2022 |
| സ്ഥാപനം | ജില്ലാ പഞ്ചായത്ത് |

ഓഡിറ്റ് നിർദ്ദേശം

അവശ്യ രേഖകളുടെ അഭാവത്തിൽ 212488/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-36 ആശ്രയ പദ്ധതി വിഹിതം നിഷ്ക്രിയം - നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിൽ ആശ്രയ പ്രൊജക്ടിന് അനുവദിച്ച തുക നിഷ്ക്രിയമായി അവശേഷിക്കുന്നതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S003/22 |
| പ്രൊജക്ടിന്റെ പേര് | ആശ്രയ പദ്ധതിക്ക് വിഹിതം |
| അടങ്കൽ | 50000/- |
| ഫണ്ടിനം | വികസന ഫണ്ട് |
| ചെലവ് | 50000/- |
| ബിൽ നം | 122/20/12/2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ട് വിഹിതമായ 50000 രൂപ സി ഡി എസിന്റെ ബാങ്ക് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ടെങ്കിലും (യൂണിയൻ ബാങ്ക് ആരക്കുഴ ബ്രാഞ്ച്, അക്കൗണ്ട് നം 403202010009823 ) ചെലവ് ചെയ്തിട്ടില്ല. ആശ്രയ – അഗതി രഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയായ തദ്ദേശ സ്വയംഭരണ ( ഐ എ ) വകുപ്പിന്റെ 12/12/2017 ലെ സ ഉ ( എം എസ് ) നം 252 / 2017 / ത സ്വ ഭ വ ക്രമനം. 3.2.1 ൽ വികസന ഫണ്ട് വകയിരുത്തൽ / ചെലവ് എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

| ഖണ്ഡിക നം | നിർദ്ദേശം |
|---|---|
| 3.2.1.1 | പദ്ധതിയിലെ പരിചരണ സേവനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുന്ന പൊതുവിഭാഗം വികസന ഫണ്ടിലെ തുക അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനങ്ങൾ, മാനസികാവശ്യങ്ങൾ തുടങ്ങി പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. |
| 3.2.1.2 | എന്നാൽ ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ, ചലഞ്ച് ഫണ്ട് ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കായി പൊതുവിഭാഗം വികസന ഫണ്ട് ചെലവഴിക്കാൻ പാടില്ല. ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ പലിശയോ ലഭ്യമല്ലായെങ്കിൽ അഗതിരഹിതകേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. |

നിലവിൽ പാസ്സ് ബുക്ക് പ്രകാരമുള്ള ബാലൻസ് 1266271/- രൂപയാണ്.

പ്രൊജക്ട് സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ /വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 18/23.02.2023 ) നൽകി. ആയതിന് മറുപടി ലഭ്യമാക്കിയില്ല.

1.കുടുംബശ്രീയുടെ ഫണ്ട് റിക്വിസിഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2.സർക്കാർ നിർദ്ദേശ പ്രകാരം തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയില്ല.

3.അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 1266271/- രൂപയിൽ ചലഞ്ച് ഫണ്ട് വിഹിതം എത്ര എന്ന് വ്യക്തമല്ല.

ഓഡിറ്റ് നിർദ്ദേശം

ആശ്രയ ഫണ്ട് ചട്ടപ്രകാരം വകയിരുത്തുന്നതിനും വിനിയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ തുടരുന്നു

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ /മരണ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | മറിയം | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ), വാളകം ഗ്രാമപഞ്ചായത്ത് | 29.12.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.12/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 2 | വക്കച്ചൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 3.1.2022 | 4/22വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/22-11/22 തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 3 | ദേവകി നാരായണൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 28.1.2022 | 9/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 4 | സ്കറിയ തോമസ് | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 7.5.2020 | 6/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.7/21-11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | വെള്ളാനി പഞ്ച | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 17.10.2020 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.12/22 ന് തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 6 | ഭാസ്കരൻ ഇട്ടൻ | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 31.3.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.12/22 ന് തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു. |
| 7 | കൃഷ്ണൻ കുഞ്ഞൻ | അഗ്രികൾച്ചറൽ പെൻഷൻ അഗ്രികൾച്ചറൽ ഓഫീസ് ആരക്കുഴ | 11.3.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 8 | ദേവകി നാരായണൻ | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 23.2.2021 | 2/21-8/21 വരെ തുക കൈമാറുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 9 | നാരായണൻ കുഞ്ഞൻ | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 9.12.2020 | 4/21 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | മോഹനൻ ടി.എസ് | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 25.2.2021 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 12/22 -തുകബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 11 | കേശവൻ | കർഷകത്തൊഴിലാളി പെൻഷൻ | 8.3.2021 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 12/22 -തുകബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 12 | തങ്കമ്മ ഗോവിന്ദൻ | കർഷകത്തൊഴിലാളി പെൻഷൻ | 15.10.2021 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 12/22 -തുകബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 13 | ജോൺ പൗലോസ് | അഗ്രികൾച്ചറൽ പെൻഷൻ അഗ്രികൾച്ചറൽ ഓഫീസ് ആരക്കുഴ | 26.1.2022 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 14 | ഗോപാലൻ | ഇന്ദിരാ ഗാന്ധി ദേശീയവാർദ്ധക്യകാല പെൻഷൻ | 2.2.2022 | 2/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 3/22-11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 15 | കെ.പി പൗലോസ് | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി | 25.9.2020 | 10/20,11/20 തുക കൈമാറുവാൻ സാധിച്ചിട്ടില്ല് | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | പെൻഷൻ) | | | |
|---|---|---|---|---|---|

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) ക്രമ നം.2,4,8,14,15 ഉൾപ്പെടെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുവാൻ സാധിക്കാതെ/അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിക്കാതെ നിരവധി തുകകൾ ബാങ്കുകളിൽ/ സഹകരണ സൊസൈറ്റികളിൽ അവശേഷിക്കുന്നുണ്ട്. ഇവ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. ആയത് തിരിച്ചടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് ഫയൽ കൈമാറി പെൻഷണറുടെ മരണശേഷം ആക്ടീവായി തുടരുന്ന പെൻഷൻ അക്കൌണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4) ക്രമ നം. 1,7,13 ഉൾപ്പെടെ മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/27.2.2023) ലഭ്യമായ മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതിനും അധികമായി നൽകിയിട്ടുള്ള പെൻഷൻ തുകകൾ തിരിച്ച് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രോബാഗ് തൈ നൽകൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത - 62500 രൂപ - നഷ്ടം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഗ്രോബാഗ് നിറച്ച് പച്ചക്കറി തൈ നൽകൽ പ്രൊജക്ടിൽ യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച് തുക നൽകി. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S060/22 |
| പ്രൊജക്ടിന്റെ പേര് | സുഭിക്ഷ കേരളം പച്ചക്കറി കൃഷി വനിത |
| അടങ്കൽ | 250000/- |
| ഫണ്ടിനം | വികസന ഫണ്ട് - 200000/-<br>ഗുണഭോക്തൃ വിഹിതം - 50000/-<br>(നേരിട്ട്) |
| ചെലവ് | 250000/- |
| ബിൽ നം | 187/11.03.2022 |
| സ്ഥാപനം | കാർഷിക കർമ്മസേന,<br>ആരക്കുഴ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച് തുക നൽകി - 50000/- രൂപ നഷ്ടം

കാർഷിക കർമ്മ സേനയുടെ 10.03.2022 ലെ ഇൻവോയ്സ് പ്രകാരം 2500 ഗ്രോബാഗുകൾ വിതരണം ചെയ്യുകയും ബാഗൊന്നിന് 100/- രൂപ നിരക്കിൽ 250000/- രൂപ അനുവദിക്കുകയും ചെയ്തു. പ്രൊജക്റ്റ് നിർവ്വഹണത്തിന് നിദാനമായ സ ഉ (കൈ) നം 17/2018/ത സ്വ ഭ വ / 2.02.2018 നം സബ് സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രോബാഗിൽ നിറച്ച തൈയുടെ വില ജില്ലാ തലത്തിൽ നിർണ്ണയിക്കുന്ന യൂണിറ്റ് കോസ്റ്റ് പ്രകാരമാണ് അനുവദിക്കേണ്ടത്. ഗ്രോബാഗിൽ നിറച്ച തൈയ്ക്ക് ജില്ലാ ആസൂത്രണ സമിതി 2021-22 വർഷത്തിലേക്ക് ബാധകമായ ഉത്തരവ് നം 61139/20/ഡി.പി.സി ഡി.പി.ഒ /ഇ.കെ. എം /20.03.2020 പ്രകാരം നിശ്ചയിച്ച നിരക്ക് ഒരു യൂണിറ്റിന് 80/- രൂപയാണ്. പ്രസ്തുത നിബന്ധന പാലിക്കാത്തതിനാൽ താഴെ പറയും പ്രകാരം അധിക തുക നൽകി.

| ഗ്രോബാഗുകളുടെ എണ്ണം | നൽകാവുന്ന നിരക്ക് | നൽകാവുന്ന തുക | നൽകിയ നിരക്ക് | നൽകിയ തുക | അധികം |
|---|---|---|---|---|---|
| 2500 | 80 | 200000 | 100 | 250000 | 50000 |

50000/- രൂപ അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/21.02.2023) ലഭ്യമാക്കിയ മറുപടി (നം AKB – 04/21-22 /22.02.2023) യിൽ നിലവിലെ ഉൽപ്പന്നങ്ങളുടെ വില കൂടിയതിനാലും ചെലവ് അധികരിച്ചതിനാലുമാണ് 100/- രൂപ നിരക്കിൽ തുക അനുവദിച്ചത് എന്നറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല.

പ്രൊജക്റ്റ് നിർവ്വഹണത്തിലെ ഇതര അപാകതകൾ താഴെ ചേർക്കുന്നു.

(A) സബ്സിഡി നിരക്ക് നൽകിയതിലെ അപാകത.

സബ്സിഡി മാർഗ്ഗരേഖയിൽ ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ടിൽ പ്രസ്തുത വ്യവസ്ഥ പ്രകാരമല്ല തുക നൽകിയത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ആകെ ചെലവ് | അനുവദിക്കാവുന്ന സബ്സിഡി | അനുവദിക്കാവുന്ന സബ്സിഡി തുക | അനുവദിച്ച സബ്സിഡി തുക | ഗുണഭോക്തൃ വിഹിതം | ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം | ഈടാക്കിയ ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|---|
| 250000 | 75 % | 187500 | 200000 | 25 % | 62500 | 50000 |

ഇതിന് ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ കർഷകരെ ഉൾപ്പെടുത്തുന്നതിലാണ് ഇപ്രകാരം ചെയ്തിട്ടുള്ളത് എന്നറിയിച്ചു. ഈ മറുപടി അംഗീകരിക്കത്തതല്ല. ഗുണഭോക്തൃ വിഹിതം കുറഞ്ഞ നിരക്കിൽ അടവാക്കിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. 12500/- രൂപ വികസന ഫണ്ടിൽ നിന്ന് അധികമായി അനുവദിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.

(B) ബില്ലുകളിലെ അപാകങ്ങൾ

വിവിധ ഇനങ്ങൾ വാങ്ങിയതിന് കാർഷിക കർമ്മ സേന ലഭ്യമാക്കിയിട്ടുള്ളതും ഫയലിൽ സൂക്ഷിച്ചിട്ടുള്ളതുമായ ബില്ലുകളിൽ നിരവധി അപാകങ്ങൾ ഉള്ളതായി കാണുന്നു.

(I) ഗ്രോബാഗ് വാങ്ങിയതിന് റബ്ബർ കെയർ അഗ്രോ സൂപ്പർ മാർക്കറ്റ്, കോതമംഗലത്തിൽ നിന്ന് ലഭ്യമാക്കിയ ബിൽ (B 15038/16.02.2022) പ്രകാരം 2500 ന പകരം 2553 ഗ്രോബാഗുകൾ വാങ്ങിയതായും ആയതിന് തുക നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ 2500 ഗ്രോബാഗിന്റെ

വിലയായ 25000/- രൂപയാണ് നൽകിയിട്ടുള്ളത്.

(Ii)കാർഷിക കർമ്മസേനയുടെ ബിൽ പ്രകാരം ഗ്രോബാഗ് നിറച്ചതിന് അഞ്ച് തൊഴിലാളികൾക്ക് ഒരാൾക്ക് 11778/- രൂപ നിരക്കിൽ 58890/- രൂപ നൽകിയിട്ടുണ്ട്. ഒരു ഗ്രോബാഗ് നിറക്കുന്നത് 24 രൂപയാണ് നിരക്ക് നൽകിയിട്ടുള്ളത്. സാധനങ്ങൾ വാങ്ങി നൽകിയിട്ടും വളരെ ഉയർന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

(Iii)ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ വിവിധ ഇനങ്ങൾക്ക് വലിയ തുക നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് 3.5 കിലോമീറ്റർ അകലെയുള്ള പണ്ടപ്പിള്ളിയിൽ നിന്ന് ചകിരിച്ചോർ, കക്ക എന്നിവ ഇറക്കിയതിന് 2200/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ആയതിന്റെ ട്രിപ്പ് ഷീറ്റ് മുതലായവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
നിരവധി തവണയായി വിവിധയിടങ്ങളിൽ നിന്ന് ലഭിച്ച ഉൽപ്പന്നങ്ങളായതിനാലാണ് ഇപ്രകാരം അപാകങ്ങൾ സംഭവിച്ചത് എന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശം

യൂണിറ്റ് കോസ്റ്റിനേക്കാൾ അധികരിച്ച് നൽകിയ 50000/- രൂപ കാർഷിക കർമ്മസേനയിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതത്തിന് പകരം വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച 12500/- രൂപ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ആയതും കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിലെ ഇതര അപാകതകൾ പരിശോധിച്ച് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-2 കൃഷി ഭവൻ - ഓഫീസ് ചെലവ് അനുവദിക്കൽ - 5000/- രൂപ നിരാകരിക്കുന്നു.

കൃഷി ഭവന് പ്രൊജക്ട് മുഖാന്തിരം ഓഫീസ് ചെലവ് അനുവദിച്ചതിൽ അപാകം ഉള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO70/22 |
| പ്രൊജക്ടിന്റെ പേര് | കൃഷി ഭവൻ ഓഫീസ് ചെലവുകൾ |
| അടങ്കൽ | 40000/- |
| ഫണ്ടിനം | തനത് ഫണ്ട് - 10000/-<br>മെയിന്റനൻസ് ഗ്രാന്റ് റോഡിതരം - 30000/- |
| ചെലവ് | തനത് ഫണ്ട് – 10000<br>റോഡിതര മെയിന്റനൻസ് ഫണ്ട് – 28771<br>ആകെ – 38771/- |
| വൗച്ചർ നം | 22100300/6.08.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രൊജക്ടിന്റെ തനത് ഫണ്ട് ചെലവിലെ 5000/- രൂപ താഴെ പറയുന്ന കാര്യങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്.

| ക്രമ നം | ഇനം | തുക | വൗച്ചർ നം | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|
| 1 | പഴച്ചെടിയുടെ തൈകൾ ഇറക്കി വെക്കൽ<br>(2500 എണ്ണം ) | 1500 | 1/29.06.2021 | ജിജി റോയ് വടക്കേക്കര |
| 2 | തെങ്ങിൻ തൈ ഇറക്കി വെക്കൽ<br>(550 എണ്ണം ) | 1000 | 2/13.07.2021 | മരിയബാനു, ഓടക്കൽ |

| | | | | |
|---|---|---|---|---|
| 3 | ടിഷ്യ കൾച്ചർ ബനാന തൈകൾഇറക്കി വെക്കൽ (750 എണ്ണം ) | 1000 | 3/16.07.2021 | ജോണി ഏലിയാമ്മ, കാരക്കാട്ട് പുത്തൻപുര |
| 4 | കുരുമുളക് വള്ളി ഇറക്കി വെക്കൽ (4400 എണ്ണം ) | 1500 | 4/19.07.2021 | നിഷ സജി , ആരക്കുഴ |

പ്രസ്തുത തുക നൽകിയതിലെ അപാകം താഴെ ചേർക്കുന്നു.

കണ്ടിജന്റ് ഓഫീസ് ചെലവുകൾ അനുവദിക്കുന്നതിന് ആധാരമായ കേരള ഫിനാൻഷ്യൽ കോഡിലെ ചാപ്റ്റർ V . ആർട്ടിക്കിൾ 90 പ്രകാരം ഒരു ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ദൈനം ദിന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ചെലവുകളാണ് കണ്ടിജന്റ് ഓഫീസ് ചെലവുകളിൽ ഉൾപ്പെടുന്നത്. ആയതിൽ ലോഡിംഗ് അൺലോഡിംഗ് ചാർജ് ഉൾപ്പെടുന്നില്ല. മാത്രവുമല്ല ലഭ്യമാക്കിയ രേഖകൾ പ്രകാരം കൃഷിവകുപ്പ് വിതരണത്തിന് എത്തിച്ച തൈകളുടെ അൺലോഡിംഗിനാണ് തുക നൽകിയിട്ടുള്ളത്. വിതരണത്തിന് എത്തിച്ച തൈകളുടെ അൺലോഡിംഗ് ചാർജ് വിതരണ ഏജൻസിക്ക് വകുപ്പിൽ നിന്ന് അനുവദിക്കപ്പെട്ടിട്ടുണ്ടോയെന്ന വിവരം വ്യക്തമല്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/22.02.2023) നൽകിയ മറുപടിയിൽ (AKB -04/2022/27/02/2023) കൃഷി വകുപ്പിൽ നിന്ന് അൺലോഡിംഗ് ചാർജ് അനുവദിച്ചിട്ടില്ല എന്ന് അറിയിച്ചു. എന്നാൽ സാധാരണഗതിയിൽ ട്രാൻസ്പോർട്ടേഷൻ ചുമതലയുള്ള സ്ഥാപനം ചെയ്യേണ്ട ജോലിക്ക് ഓഫീസ് ചെലവിനത്തിൽ നൽകേണ്ട തുക അനുവദിച്ചത് അനുവദനീയമല്ല.

ഓഡിറ്റ് നിർദ്ദേശം

കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥക്ക് വിരുദ്ധമായി ചെലവഴിച്ച 5000/- രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3-3 ജി എസ് റ്റി ഇനത്തിൽ അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം. | S118/22 |
| പ്രൊജക്ടിന്റെ പേര് | എസ് സി പഠനവീട്ടിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 107500/-, വികസന ഫണ്ട് എസ് സി പി |
| ചെലവ് | 105251/- |
| ബിൽ നം | 07/24.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിലുള്ള എസ് സി പഠനവീട്ടിലേക്ക് ആർട്ട്കോയിൽ നിന്നും 729/16.03.2022 നം. ഇൻവോയ്സ് പ്രകാരം ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. ആർട്ട്കോ താഴെ പറയുന്ന ഫർണിച്ചറുകളാണ് സപ്ലൈ ചെയ്തത്.

1) സ്റ്റീൽ ടേബിൾ – 2 എണ്ണം
2) സ്റ്റീൽ കാബിനറ്റ് – 2 എണ്ണം
3) സ്റ്റീൽ റാക്ക് – 5 എണ്ണം
4) പ്ലാസ്റ്റിക് ചെയർ – 26 എണ്ണം
5) വൈറ്റ് ബോർഡ് – 1 എണ്ണം
6) എക്സിക്യൂട്ടീവ് ചെയർ – 1 എണ്ണം

ആർട്ട്കോ നൽകിയ ബില്ലിൽ അപാകത ഉള്ളതായി കാണുന്നു. ജി എസ് റ്റി നിരക്ക് കണക്കാക്കിയതിലാണ് അപാകത സംഭവിച്ചിട്ടുള്ളത്. ബിൽ പ്രകാരം താഴെ പറയുന്ന ഇനത്തിന് ബില്ലിൽ HSN കോഡ് രേഖപ്പെടുത്തിയിട്ടില്ല) അധിക ജി എസ് റ്റി ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. 12 % ജി എസ് റ്റി നിരക്കുള്ള പ്രസ്തുത ഇനത്തിന് 18 % ജി എസ് റ്റിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | തുക | ഉൾപ്പെടുത്തിയ ജി എസ് റ്റി | ഉൾപ്പെടുത്താവുന്ന ജി എസ് റ്റി | അധികം (രൂ) |
|---|---|---|---|---|---|---|

| | | | | (@ 18%) | (@ 12%) | |
|---|---|---|---|---|---|---|
| 1 | Plastic Chair With Arm Nilkamal | 26 | 22100 | 3978 | 2652 | 1326 |
| അധികം | | | | | | 1326 |

ജി എസ് റ്റി ഇനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/23.02.2023) അധികം നൽകിയ ജി.എസ്.ടി തിരികെ ഈടാക്കുന്നതിന് ആർട്കോക്ക് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ ജിഎസ് ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ, ആർട്ട്കോയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 31018 | നെൽകൃഷി സംരംക്ഷണം | 31018 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 360000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 161000 | ലൈഫ് ഭവനപദ്ധതി - എസ് സി | 161000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 117300 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 117300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 325000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 325000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 320229 | പാലിയേറ്റീവ് കെയർ | 320229 | 0 |
| ആകെ | | 1314547 | | 1314547 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 63600 | നെൽകൃഷി സംരംക്ഷണം | 63600 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് ഭവനപദ്ധതി - ജനറൽ | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 40000 | ലൈഫ് ഭവനപദ്ധതി - എസ് സി | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 90811 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 90811 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 74000 | ക്ഷീരകർഷകർക്ക് പാലിന് സബ്സീഡി | 74000 | 0 |
| ആകെ | | 508411 | | 508411 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ബിൽ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ആരക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ലൈൻ ഷിഫ്റ്റിംഗും | 199988/- | 168/23.02.2022 | 0 | 199988/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2390800/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ4451/20 /ധനം03.03.2020 (2)ജി.ഒ.43/20 /ധനം/01.01.2021 | 2390800 | 4596800 | 1260000 | 0 | 3336800 |

തൻവർഷം തിരിച്ചടച്ച 1260000/- രൂപയിൽ 160000/- രൂപ നേരിട്ടും, ബാക്കി 1100000/- രൂപ 123/22, 133/22, 141/22, 140/22, 122/22, 130/22 എന്നീ ജി.ഒ. പ്രോജക്ടുകൾ മുഖേനയുമാണ് തിരിച്ചടച്ചത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽലേലം ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചതുവഴി 39700 പഞ്ചായത്തിനു നഷ്ടം | നിയമ സഭസമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി 2006-08-18ാം റിപ്പോർട്ട് പേജ് 109 ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പഠനോപകരണ വിതരണം ക്രമക്കേട് | |
| 1997-98 | 34 | 2001-02 | 371 | വീട് നന്നാക്കാൻ-അനധികൃത ചെലവ് | |
| 1997-98 | 48 | 2001-02 | 372 | ഉപാധി രഹിത ഫണ്ട്-റോഡ് ടാറിംഗ് ഫണ്ട് ദുർവിനിയോഗം | ഉദ്യോഗസ്ഥനെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| 1997-98 | 49 | 2001-02 | 376 | റോഡ് പണി -ക്രമക്കേടുകൾ | സർച്ചാർജ് നടപടി ജില്ലാ കോടതി തടഞ്ഞിട്ടുള്ളതാണ് |
| 1997-98 | 50 | 2001-02 | 387 | റോഡ് പണി -ക്രമക്കേടുകൾ | |
| 1997-98 | 51 | 2001-02 | 381 | റോഡ് പണി -ക്രമക്കേടുകൾ | |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം-അധികച്ചെലവ് | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44269742.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42569795.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68826 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 593023 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | -- | 62500 | സന്തോഷ്.സി.ഡി, കൃഷി ഓഫീസർ |
| 3-2 | - | 5000 | സന്തോഷ്.സി.ഡി, കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 3-3 | -- | 1326 | മത്തായിക്കുഞ്ഞ് ടി ഒ,<br>അസി. സെക്രട്ടറി |
| ആകെ | | 68826 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| വണ്ടിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 210587 | ജയന്ത് കുമാർ എ പി,<br>സെക്രട്ടറി |
| 1-29 | 71000 | ഡോ.ജോർജ്.കെ.എ<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി, പണ്ടപ്പിള്ളി |
| 1-30 | 20000 | ഡോ.ജോർജ്.കെ.എ<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി, പണ്ടപ്പിള്ളി |
| 1-31 | 78948 | ഡോ.ഇന്ദുമോൾ.<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-35 | 212488 | അമിത സി ഒ,<br>സെക്രട്ടറി |
| | 593023 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | സന്തോഷ്.സി.ഡി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ആരക്കുഴ<br>ഗ്രാമ പഞ്ചായത്ത് | ചവറനാൽ,<br>പെരുമ്പല്ലൂർ പി ഒ,<br>പെരിങ്ങഴ |
| 2 | മത്തായിക്കുഞ്ഞ് ടി ഒ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>ആരക്കുഴ<br>ഗ്രാമ പഞ്ചായത്ത് | തേലക്കാട്ട്,<br>പുതുപ്പാടി പി ഒ,<br>കോതമംഗലം |
| 3 | ഡോ.ജോർജ്.കെ.എ<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച് | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി,പണ്ടപ്പിള്ളി | കാട്ടിത്തറ<br>ഈസ്റ്റ് അത്രർ ചർച്ച്<br>ആലപ്പുഴ |
| 4 | ഡോ.ഇന്ദുമോൾ.<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ), ഗവ. ഹോമിയോ<br>ഡിസ്പെൻസറി, ആരക്കുഴ | വലിയപറമ്പിൽ<br>ആനാപ്പുഴ,<br>കൊടുങ്ങല്ലൂർ |
| 5 | അമിത സി ഒ,<br>സെക്രട്ടറി | സെക്രട്ടറി,<br>ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്,<br>തിരുവനന്തപുരം | പാണംകോട്,<br>എസ്റ്റേറ്റ് പി ഒ,<br>തിരുവനന്തപുരം |

| | | | |
|---|---|---|---|
| 6 | ജയന്തകുമാർ എ. പി, സെക്രട്ടറി | സെക്രട്ടറി, എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്, | അലക്ഷാടത്ത് മന, പൂതൃശ്ശേരി, കാഞ്ഞിരറ്റം പി ഒ, ആമ്പല്ലൂർ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 12-13,<br>13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |
| 17-18 | കെഎസ്എഇകെഎം(പി8)129/2019/18/03/2019 |
| 18-19 | കെഎസ്എഇകെഎം(പി8)128/2020/18/03/2019 |
| 19-20 | കെഎസ്എഇകെഎം(പി8)1290/2021/20/09/2021 |
| 20-21 | കെഎസ്എഇകെഎം(പി8) 1291/21/dated 9/2/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്